VOL. 1 ISSUE. 2

# VIHAAN

BROADEN YOUR FEILD OF VISION



PG ASSOCIATION

DEVA MATHA COLLEGE KURIVILANGAD

*One has to be fully committed to one’s career. Otherwise, there’s no point.*

*~ Lata Mangeshkar*

## Editor's note...

Leave your feathers back and let them know your presence...

'Student life is Golden life'. One would realize the essence of this saying in the latter part of life while capturing the sweet memories of the days spent during college days. It's in this period of life that we realize our own talents. Apart from the on stage participation, it's a college magazine that draws out our literary and artistic talents. It is for this purpose that the PG Association of our college decided to publish VIHAAN.

VIHAAN  is the product of imagination and reality. Since it's inception in 1964, the subsequent 52 years of the college have been a flurry of achievements. But in spite of these achievements, some seeds still remain hidden beneath the minds. So, the whole PG association is here to let our own repressed seeds to sprout for a big bang exposure. The second edition of Vihaan is here to' Broaden your field of vision'. This edition has received a special opportunity to be published in 'Lathikam 2023' a remembrance for Latha Mangeshkar. Henceforth we have designed our second edition of the magazine as a special edition featuring Lataji.

A journey is possible through books. We hope that this magazine will take you to places you have never been. Vihaan has prepared for you a magical experience of arts and for that experience we invite everyone a new journey of good experience. Let's make our successors know that we did exist once and let them gratefully remember us for starting such a great opportunity for them too. Wishing everyone a new journey of good experience, imagination, enjoyment and expression.

## Lata Mangeshkar (1929-2022): A timeline of the legendary singer's accomplished journey



SREELAKSHMI P R
DEPARTMENT OF MATHEMATICS

**Lata Mangeshkar (1929 - 2022) always put up a fight. From building a career to her time in hospital, the late 93-year-old playback singer went against the odds and proved she was a fighter.**

**September 28, 1929: India was blessed with the Queen of Melody who would enthral the nation with her honey-life voice. The iconic singer was born as Hema Mangeshkar in Indore to Marathi-Konkani musician Deenanath Mangeshkar and his wife Shevanti. She was the eldest among her four siblings - Meena Khadikar, Asha Bhosle, Usha Mangeshkar and Hridaynath Mangeshkar - who are all renowned singers and musicians.**

**1935: From a young age, the playback singer's father - who adopted the family name Mangeshkar as he was from Goa's native town Mangeshi - started her music training. She began as an actress in Mangeshkar Sr's Marathi musical plays when she was just five years old.**

**1941: Much before India won its Independence from the British Raj, Mangeshkar started her musical journey at the age of 12. She sang two songs in the studio for the first time for the radio on December 16.**

1942: After her father died of a heart condition, movie company Navyug Chitrapat owner Vinayak Damodar Karnataki, who was a close friend of the Mangeshkars, helped bring the then young girl's singing and acting career on track. She got her first break when she acted in Navyug Chitrapat's Marathi movie 'Pahili Mangalaa-gaur', and sang 'Natali Chaitraachi Navalaai' in the movie.

1943: She sang her first Hindi song in Marathi film 'Gajaabhaau' - 'Mata Ek Sapoot Ki Duniya Badal De Tu'.

1945: Mangeshkar moved to Mumbai after Karnataki shifted the headquarters of Navyug Chitrapat, and began her training in Hindustani classical music from Ustad Aman Ali Khan of Bhindibazaar Gharana.

1946: The song 'Paa Lagoon Kar Jori' was Mangeshkar's debut in a Hindi-language movie by Vasant Joglekar - 'Aap Ki Seva Mein'.

1948: Mangeshkar was mentored by music director Ghulam Haider right after Karnataki's death. After getting rejected by producer Sashadhar Mukherjee's 'Shaheed', Mangeshkar got mainstream with 'Majboor' with the song 'Dil Mera Toda, Mujhe Kahin Ka Na Chhora'.

1949: 'Aayega Aanewaala', featuring classic actress Madhubala, was her major hits from the movie 'Mahal'.

1950s: Mangeshkar saw great scope in movies, and produced four films - Marathi film 'Vaadal' (1953), and Hindi movies 'Jhaanjhar' (1953) and 'Kanchan Ganga' (1955).

1963: 'Aye Mere Watan Ke Logo' in Mangeshkar's soulful voice brought tears to the eyes of every citizen and the then Prime Minister, Jawaharlal Nehru, during the Sino-Indian War.

1963: This was the year when Mangeshkar's association with music directors Laxmikant–Pyarelal began. The singer gave voice to many of their compositions and the collaboration kept growing stronger. Some popular names include 'Mr. X in Bombay', 'Mere Hamdam Mere Dost', 'Intaquam, 'Do Raaste', among others.

1960s: This was the era when Mangeshkar tried her hand in composing music. Under Anand Ghan's pseudonym, she composed music for Marathi movies 'Ram Ram Pavhana' (
1960), 'Maratha Tituka Melvava' (1963), 'Mohityanchi Manjula' (1963), 'Sadhi Manase' (1965) and 'Tambadi Mati' (1969). The Maharashtra government honoured her with the Best Music Director Award for 'Sadhi Manase', and song 'Airanichya Deva Tula' received the Best Song Award.

1969: Mangeshwar was honoured with the third-highest civilian award - Padma Bhushan - for years of commitment to entertaining the people of the country.
1974: Mangeshkar went international. She was the first Indian to perform at the Royal Albert Hall, London.

1974: Mangeshkar made it to the Guinness Book of Records (GBR) for being the most-recorded artist in history, between 1948 and 1974. The entry claimed she recorded "not less than 25,000 solo, duet and chorus backed songs in 20 Indian languages", singer Mohammad Rafi contested it saying he sang around 28,000 songs. The duo didn't share a strong bond after trouble with royalty payments. The entry was later discontinued without any explanation in 1991.

1970s: Mangeshkar became the common voice for Laxmikant–Pyarelal and Rahul Dev Burman compositions. She collaborated with popular evergreen singer Kishore Kumar, Manna Dey, Mukesh, Mohammed Rafi, sisters Asha and Usha, Hemant Kumar, among others.

1989: Mangeshkar was honoured with Dadasaheb Phalke Award - India's highest award in cinema - which is given at the National Films Awards ceremony.

1997: The state government gave its highest civilian award - Maharashtra Bhushan Award - to Mangeshkar.

1999: She won her Padma Vibhushan - the second-highest civilian award for her "exceptional and distinguished service" to the nation.

1984 & 1992: The Government of Madhya Pradesh and Maharashtra instituted the Lata Mangeshkar Award to honour her legacy.

2001: She received the Bharat Ratna award - highest civilian honour - for her contribution to cinema and music.

2009: Mangeshkar was honoured with France's highest order, the title of Officer of the French Legion of Honour.

2012: Music label LM Music came to life, with an album of bhajans that she sang with her sister Usha

2015: Mangeshkar's last song for a film was 'Jeena Hai Kya' for 'Dunno Y2... Life Is A Moment', a sequel to the Kapil Sharma-starrer 'Dunno Y... Na Jaane Kyun'. She recorded the song at her own studio

2022: India lost her Nightingale. The government declared national mourning for two days with the Tricolour flying at half-mast.

Pride Of The Nation passed away on Sunday morning. In a career spanning over seven decades, Mangeshkar delivered memorable hits that have left a mark on the Indian music industry.



# ഗുൽമോഹർ



GAYATHRI
DEPARTMENT OF MATHEMATICS

"നീ വരച്ചു തരുവോ ഇല്ലയോ ? "അവൾ മുഖം കൂർപ്പിച്ചു ചോദിച്ചു.
"നിനക്ക് വരക്കാൻ നന്നായി അറിയാലോ പിന്നെന്താ വേദു ?"ഞാനും ഗൗരവം കുറയ്ക്കാതെ പറഞ്ഞു.
"എനിക്ക് സമയം ഇല്ലാത്തതു കൊണ്ടല്ലേ?"
"സമയം ഇല്ലാത്ത അല്ല മടി. നിന്റെ 'അമ്മ നല്ല തല്ല് തന്നാൽ തീരാവുന്നതേ ഉള്ളു."

അത്രയും പറഞ്ഞു ഞാൻ മുന്നോട്ടു നടന്നു.പിറകെ വരുമെന്ന് എനിക്ക് നന്നായിട്ട് അറിയാം.
ഡാ കുരങ്ങാ നിന്നോട് ദൈവം ചോദിക്കും.
പിന്നെ നിന്റെ കൊട്ടേഷൻ എടുക്കാൻ അല്ലെ ദൈവത്തിന് പണി.
പുച്ഛത്തോടെ ഞാൻ പറഞ്ഞു "ഞാൻ ഇല്ലാത്തപ്പോൾ നീ എന്റെ വില മനസിലാക്കും " അവൾ മൂക്ക് പിഴിഞ്ഞ് എന്നെ നോക്കി.
"ഓ തുടങ്ങി അവളുടെ മൂക്ക് പിഴിച്ചിൽ ഇങ്ങു താ ഞാൻ വരച്ചോളാം."
അവളുടെ കയ്യിൽ നിന്നും റെക്കോർഡ് ഞാൻ വാങ്ങി.

"നീ മുത്താണ് കിച്ചാ" അവൾ അതും പറഞ്ഞു ഓടി റോഡിലേക്കു നടന്നു.
വേദു നോക്കി പോ...
കാതടപ്പിക്കുന്ന ഒച്ചയുടെ ഇടയിൽ ഞാൻ കണ്ടു വായുവിൽ ഉയർന്നു പൊങ്ങിയ വേദുവിനെ .

അവൾ ഒരു പ്രകമ്പനത്തോടെ റോഡിലേക്കു വീണു. കണ്ട കാഴ്ച നട്ടെല്ലിൽ വൈദ്യുദി പ്രവാഹം നൽകിയത് വക വയ്ക്കാതെ ഞാൻ ഓടി റോഡിൽ കൂടിയ ആളുകളെ വകഞ്ഞുമാറ്റിയപ്പോൾ
ഞാൻ കണ്ടു ചുവന്നു കൊഴുത്ത രക്തത്തിൽ കിടക്കുന്ന വേദുനെ .

അവളെ കയ്യിൽ കോരിയെടുത്തു ആദ്യം കണ്ട ഓട്ടോയിൽ കയറ്റുമ്പോൾ ചോര പുരണ്ട കൈകളാൽ എന്റെ ഷർട്ടിൽ പിടിച്ചവൻ വിതുമ്പി.
കിച്ചാ....അ....'അമ്മ..
ഒന്നുല്ല വേദു ഒന്നുല്ല ..
ഒഴുകി ഇറങ്ങിയ കണ്ണീർ മറുകൈയ്യാൽ തുടച് അവളോടായി പറഞ്ഞു.
ശരവേഗത്തിൽ ഓട്ടോ ആശുപത്രി ഗേറ്റ് കടന്നപ്പോളേക്കും ആരൊക്കയോ ഓടി എത്തി അവളെ എന്റെ കയ്യിൽ നിന്നും വാങ്ങി.
അവളുടെ പുറകെ ചെല്ലാൻ പോയ എന്നെ ഒരു നേഴ്സ് പിടിച്ചു നിർത്തി.
"നിങ്ങൾ ആ കുട്ടിയുടെ കൂടെ ഉള്ളതല്ലേ ? ഈ ഫോംസ് പൂരിപ്പിച്ചു തരു."
അവർ തന്ന കടലാസിലേക്ക് നിര കണ്ണുകളോടെ ഞാൻ നോക്കി .അവർ നീട്ടിയ പേന വാങ്ങി പൂരിപ്പിക്കാൻ തുടങ്ങി.
വേദിക വിശ്വനാഥൻ രാജ്യത്തിന് വേണ്ടി ജീവൻ നൽകിയ മേജർ വിശ്വനാഥന്റെ യും സൈനികർ
കൊണ്ടുവന്ന ഭർത്താവിന്റെ ശരീരത്തിനു മുന്നിൽ ഒരു തുള്ളി കണ്ണീർ പോലും അദ്ദേഹത്തിന്റെ മരണത്തിനു അപമാനം ആണെന്ന് പറഞ്ഞു നിന്ന അരുന്ധതിയുടെയും ഏക മകൾ . ഒരു കാന്താരി.. പരിചയമുള്ളവർക് എല്ലാം പ്രിയപ്പെട്ടവൾ.
ഞാൻ കാഷ്വാലിറ്റിയിലേക്കു നടന്നപ്പോൾ കണ്ടു കുറച്ചുപേർ ചേർന്ന് അവളെ കൊണ്ടുപോകുന്നു.
അവളെ എവിടെ കൊണ്ടുപോകുവാ?
ആ കുട്ടിയെ ICU ലേക് മാറ്റുകയാണ്.. നേഴ്സ് പറഞ്ഞു.
ICU വിന്റെ വാതുക്കൽ ഇരുന്നപ്പോൾ ഞാൻ കണ്ടു ഓടി വരുന്ന ആ അമ്മയെ അലസമായി ചുറ്റിയ സാരി, വിയർപ്പിൽ കുളിച്ച ബ്ലൗസ് , ചുവന്ന കണ്ണുകൾ വേദു കാണിച്ചു തന്ന ചിത്രങ്ങളിലെ ശോഭയുള്ള രൂപത്തിൽ നിന്നും വളരെ വിദൂരം.

ഞാൻ അവരുടെ അടുത്തേക് ചെന്ന് തോളിൽ കൈ വെച്ചു.
തിരിഞ്ഞുനോക്കിയഅവരുടെ കണ്ണിലെ പകപ്പ് നിമിഴങ്ങൾക്കുള്ളിൽ പരിചിതത്വന്റെ ആശ്വാസത്തിന് വഴി മാറി.
" മോനെ എന്റെ കുഞ്ഞ്...
ICU വിൽ ആണ്, 'അമ്മ വരൂ.

ഞാൻ അവരെ കസേരയിൽ ഇരുത്തി ."അമ്മക്ക് എന്നെ ...."
ചോദിക്കാൻ മടിച്ചു നിന്ന എന്നെ നോക്കി അവർ പറഞ്ഞു.
"വേദു പറഞ്ഞ് അറിയാം.അവൾ കാണിച്ചു തന്നിട്ടുണ്ട് മോന്റെ ഫോട്ടോ."
ശെരിയാണ് അവൾ അങ്ങനെ യാണ് എല്ലാം അവളുടെ അമ്മയാണ്.തന്നെ കഷ്ടപ്പെട്ട് ഒറ്റക്ക് വളർത്തിയ അമ്മയെ റാണിയെ പോലെ നോക്കണം അതായിരുന്നു അവളുടെ സ്വപ്നം.

എന്നാണ് ആദ്യമായി കാണുന്നത്? 12 -ആം വയസ്സിൽ അനാഥൻ എന്ന പേര് വിധി സമ്മാനിച്ചപ്പോൾ വാടക വീട്ടിൽ നിന്നും അടുത്തുള്ള പള്ളിമേടയിലേക്കു കുടിയേറി.18 വയസ്സുവരെ വരെ അവിടെ.പക്ഷെ തോറ്റുകൊടുക്കാൻ മനസ്സ് അനുവദിച്ചില്ല.പല ജോലികൾ ചെയ്തു .ഹോട്ടൽ,വർക്ഷോപ് , ഡെലിവറിബോയി .... അങ്ങനെ നീണ്ടു നിര.ഒരു വർഷം സ്വരുക്കൂട്ടിയ പൈസ കൂട്ടിവച്ചാണ് ഡിഗ്രിക്കു ചേർന്നത്.രാജൻ ചേട്ടന്റെ ചായക്കടയിലെ ചായ്പിൽ നിന്നും ഹോസ്റ്റലിലേക്ക് മാറി.

ആദ്യദിവസം വന്ന സാർ ഓരോരുത്തരെ പരിചയപെടുന്നതിനു ഇടക്കാണ് അവളെ കണ്ടത്.

ഞാൻ വേദിക വിശ്വനാഥ് ..സാർ എന്നെ വേദു എന്ന് വിളിച്ചോളൂ.വീട്ടിൽ 'അമ്മ മാത്രമേ ഉള്ളു.

My father was a soldier. He is died so that we could live in peace .

ഒട്ടും പതറാതെ ഉള്ള അവളുടെ സംസാരം എല്ലാവരിലും പുഞ്ചിരി നിറച്ചു. മുഴുവൻ സമയവും കലപില സംസാരിക്കുന്ന ഒരു വായാടി.

അനാഥൻ എന്ന അപഹർഷതബോധം എല്ലാവരിൽ നിന്നും അകന്നു നിൽക്കാൻ എന്നെ പ്രേരിപ്പിച്ചു. ഒരു ദിവസം ഉച്ചക്ക് എന്റെ മുന്നിലേക്കു നീട്ടിയ ചോറുപാത്രത്തിനെയും അവളെയും സംശയത്തോടെ നോക്കിയ എന്നോട് അവൾ പറഞ്ഞു.

'അമ്മ ഉണ്ടാക്കിയ ബിരിയാണി ആണ് എല്ലാവരും എടുത്തു നീയും എടുക്കു.

എനിക്ക് വേണ്ട...

ആഹാരം നിഷേധിച്ചാൽ നാളെ ചോറുകിട്ടില്ല.

എനിക്ക് ചിരിവന്നു.

പത്രത്തിൽനിന്നും ഒരുപിടി എടുത്ത് വായിൽ വച്ചപ്പോൾ കണ്ണ് നിറഞ്ഞു.അനാഥാലയത്തിൽ ആയിരുന്നപ്പോൾ ആരെങ്കിലും എന്തെങ്കിലും ആഘോഷത്തിന്റെ ബാക്കി വന്ന ബിരിയാണി കൊണ്ടുവരും.പലപ്പോളും പഴകി തുടങ്ങിട്ടുണ്ടാകും. 'അമ്മ മരിച്ചതിനു ശേഷം ആദ്യമായാണ് ഇത്രയും രുചിയോടെ കഴിക്കുന്നത്. വീണ്ടും രുചിക്കാൻ തോന്നി .പക്ഷെ അവൾ എന്ത് കരുത്തും? എന്ന് ഓർത്തു ആ ചിന്ത നിർത്തി.എന്നാൽ അവൾ ഒന്നും മിണ്ടാതെ പത്രം നീട്ടി തന്നെ നിന്ന്.

" ആദ്യം വേണ്ടാന്ന് പറഞ്ഞത് എനിക്ക് ഇഷ്ടമായില്ല.അതോണ്ട് ഇത് മുഴുവനും കഴിച്ചിട്ട് പോയാൽ മതി."

അത്രയും പറഞ്ഞവൾ കൈകെട്ടി എന്റെ മുന്നിലായി ഇരുന്നു.കഴിക്കാതെ അവൾ പോകില്ല എന്ന് മനസ്സിലാക്കിയതും ഞാൻ കഴിക്കാൻ തുടങ്ങി.

പിന്നീടുള്ള ദിവസങ്ങളിൽ അവൾ ഇതാവർത്തിച്ചു.എന്തിനാണ് എന്ന ചോദ്യത്തിന് അവളുടെ സങ്കടം മാറിയില്ല എന്ന മറുപടി വന്നു.പതിയെ പതിയെ അവൾ എന്നോട് അടുത്ത്.എന്റെ കഥ അറിഞ്ഞ അവളുടെ കണ്ണിൽ സഹതാപം ഇല്ലാരുന്നു. അവൾ എനിക്ക് നിറഞ്ഞ പുഞ്ചിരി സമ്മാനിച്ച്.

പിന്നീട് അവൾ എനിക്ക് ആരൊക്കയോ ആകുക ആയിരുന്നു.ഒരു സഹോദരിയുടെ കുറുമ്പും അമ്മയുടെ കരുതലും സുഹൃത്തിന്റെ സ്നേഹവും അവൾ എനിക്ക് സമ്മാനിച്ചു.

ഞങ്ങളുടെ ബന്ധത്തെ മറ്റുള്ളവർ പ്രണയം എന്ന് വ്യാഖ്യാനിച്ചപ്പോൾ ഞങ്ങൾ ചിരിച്ചു.ഒരമ്മയുടെ ഉദരത്തിൽ പിറക്കാത്തവർക്കും സഹോദരങ്ങൾ ആകാം എന്ന് എനിക്കവളെ പഠിപ്പിച്ചു.

എന്റെ ശക്തിയും ആത്മാവും ആകുക ആയിരുന്നു അവൾ.

കിച്ചാ എനിക്ക് ലില്ലി പൂക്കൾ വേണം ..

എന്തിനാ...

ചുമ്മാ.. അവൾ എന്നെ നോക്കി കണ്ണിറുക്കി.

നിനക്ക് ലില്ലി ആണോ ഏറ്റവും ഇഷ്ടം?

" അല്ല ഗുൽമോഹർ"
അതെന്താ?
എന്റെ അച്ഛയുടെ അസ്ഥിത്തറയുടെ അടുത് ഒരു ഗുൽമോഹർ ഉണ്ട് അതിന്റെ അടുത്ത് നിൽകുമ്പോൾ അച്ഛ ഉള്ള പോലെ തോന്നും.
നിനക്ക് ഓർമ്മയുണ്ടോ അച്ഛനെ ?
കുറെ മങ്ങിയ ഓർമ്മകൾ . അച്ഛനെ പറ്റി ഓർക്കുമ്പോൾ അഭിമാനമാണ്.എന്നാൽ കൂട്ടുകാർ അച്ഛന്റെ സ്നേഹത്തെ കുറിച്ച് പറയുമ്പോൾ വേദന തോന്നും.
അവൾ എന്നെ നോക്കി പുഞ്ചിരിച്ചു.
വേദികയുടെ കൂടെ ഉള്ളതാരാ?
നേഴ്സിന്റെ ചോദ്യമാണ് എന്റെ വർത്തമാനത്തിൽ എത്തിച്ചത്.
ഡോക്ടറെ കാണാൻ പറഞ്ഞു.
മുന്നോട്ടു ചെന്ന ഞങ്ങളോട് അവർ പറഞ്ഞു.
ഡോക്ടറുടെ മുറിയിൽ ഇരുന്നപ്പോൾ വിറക്കുന്ന ആ അമ്മയുടെ കൈ ഞാൻ ചേർത്തു് പിടിച്ചു.
ഞങ്ങൾക്ക് ചെയ്യാവുന്നതെല്ലാം ഞങ്ങൾ ചെയ്തു. 24 മണിക്കൂറിനുള്ളിൽ ബോധം തെളിഞ്ഞില്ലെങ്കിൽ .... തലക്കു കാര്യമായ ക്ഷതം സംഭവിച്ചിട്ടുണ്ട് പിന്നെ...
എന്താ ഡോക്ടർ? പറയാൻ മടിച്ചുനിന്ന ഡോക്ടറോട് ഞാൻ ചോദിച്ചു.

എണീറ്റാലും ഇനി പഴയ വേദിക ആയി കുട്ടിതിരിച്ചു വരാൻ സാധ്യത ഇല്ല.പാരാലിസിസ് മുഴുവനായോ? ഭാഗീഗമായോ ....
ഡോക്ടറുടെ മുറിയിൽ നിന്നും ഇറങ്ങി ICU നു മുന്നിൽ നിശബ്ദമായി ഇരിക്കുന്ന ആ അമ്മയെ കണ്ടുനിൽക്കാൻ ഞാൻ പാടുപെട്ടു.
അടുത്തിരുന്നു തോളിൽ കൈ വച്ചപ്പോൾ ആ 'അമ്മ എന്നോട് ചോദിച്ചു എന്നെ ഒറ്റക്കാക്കി അവൾ പോകുമോ മോനെ?ഒരിറ്റു ജീവൻ മതി മോനെ ഞാൻ പൊന്നുപോലെ നോക്കിക്കൊള്ളാം എന്റെ കുഞ്ഞിനെ അതെങ്കിലും ദൈവം തരില്ലേ മോനെ?
എന്റെ നെഞ്ചിലേക്ക് വീണു പൊട്ടിക്കരഞ്ഞ ആ അമ്മയുടെ മുന്നിൽ എനിക്കും പിടിച്ചുനിൽക്കാൻ ആയില്ല.
സമയം ഇഴഞ്ഞു നീങ്ങി.

വേദികയുടെ ബന്ധുക്കൾ ഉണ്ടോ? ആ കുട്ടിക്ക് ബോധം വന്നു.ഒരാൾ കയറി കണ്ടോളു.

അത്രയും നേരം എരിഞ്ഞ ഞങ്ങളുടെ ഉള്ളിൽ ഒരു കുളിർമഴ ആയിരുന്നു ആ വാക്യം.

മകളെ കണ്ട് ഇറങ്ങി വന്ന അമ്മയെ കസേരയിൽ ഇരുത്തി ഞാൻ അകത്തുകയറി.

യന്ത്രങ്ങളുടെ നടുക്ക് തലയിലും കൈയിലും കാലിലും കെട്ടുകളായി അവൾ കിടന്നു.

വേദു .... ഞാൻ മെല്ലെ വിളിച്ചു.

പ്രയാസപ്പെട്ടു കണ്ണുതുറന്നവൾ പുഞ്ചിരിക്കാൻ ശ്രമിച്ചു.

ഞാനും അവളുടെ വിരലുകളിൽ കൈ ചേർത്ത് പുഞ്ചിരിച്ചു.

സാർ എല്ലാവരും പോയി ഇറങ്ങാറായെങ്കിൽ...

പ്യുൺ രവിച്ചേട്ടൻ ആണ് എന്റെ ഓർമകൾക്ക് വിരാമമിട്ടത്.

ബാങ്കിൽ നിന്നും ഇറങ്ങുമ്പോൾ പുറത്തു നല്ല മഴ ഉണ്ടായിരുന്നു.

ഓടിച്ചെന്നു കാറ് സ്റ്റാർട്ട് ആക്കി .സിഗ്നൽ കടന്നപ്പോൾ ആണ് ഒരു കുട്ടി ഗ്ലാസിൽ തട്ടിയത്.

മഴയത്തു നിന്ന അവൾ എനിക്ക് ലില്ലിപ്പൂക്കൾ നീട്ടി.

അണ്ണാ ഒരു പൂ വാങ്ങിക്കണ്ണാ...

അവളുടെ കൈയിൽ നിന്നും അത് വാങ്ങി സീറ്റിൽ വെക്കുമ്പോൾ വേദു ആയിരുന്നു മനസ്സിൽ.

അവളുടെ ചിന്തകൾ എന്നിൽ ഒരു പുഞ്ചിരി നിറച്ചു.

വീടിന്റെ ഗേറ്റ് കടന്നപ്പോളേ കേട്ടു വേദു നോട് പരാതി പറയുന്ന അമ്മയുടെ ശബ്ദം.

ഇങ്ങോട്ടു വരട്ടെ അവൻ ഒരു ബാങ്ക് മാനേജർ .നേരത്തും കാലത്തും വീട്ടിൽ വന്നാൽ എന്താ അവന്.

അതെങ്ങനെയാ ഇവളുടെ കൂടെ കൂടിയ നാല് തൊട്ടു അവന് തല തിരിഞ്ഞു.

എന്റെ അമ്മെ ഞാൻ വന്നു എന്തിനു വെറുതെ വേദുന്റെ തല തിന്നാ

എന്താ കിച്ചാ നിനക്ക് സമയത്തിന് വന്നൂടെ? ഇതെന്താ കയ്യിൽ?

വഴിയിൽ ഒരു കുഞ്ഞിന്റെ കയ്യിൽ കണ്ടപ്പോൾ വേദു നു വാങ്ങിയതാണ്.

മം .. ഞാൻ ചായ എടുക്കാം ..

ഞാൻ ലില്ലി പൂക്കൾ ഹാളിലെ വേദുവിന്റെ വലിയ ഫോട്ടോക്ക് മുന്നിൽ വച്ച് അവളുടെ ചിരിക്കുന്ന മുഖത്തേക് ഉറ്റുനോക്കി .

കിച്ചാ... കുളിച്ചിട്ടു വാ ..'അമ്മ വിളിച്ചു പറഞ്ഞു.

ഷവറിൽ നിന്ന് വെള്ളം വീണപ്പോൾ ചിന്തകൾ വീണ്ടും 4 വ്ർഴം പിന്നോട്ട് പോയി.

തിരിച്ചുവരും എന്ന് അവൾ ഞങ്ങൾക്ക് തന്ന ആശക്കു ഒരു നീർകുമിളയുടെ മാത്രം ആയുസ്സ് ഉണ്ടായുള്ളൂ....

പിറ്റേന്ന് സൂര്യൻ ഉദിച്ചത് ഞങ്ങളുടെ വേദുനോട് യാത്രപറയാൻ ആണ്.

വേദു ഇല്ലാത്ത വീട്ടിൽ ഒറ്റക് മനസ്സിന് താളം തെറ്റിത്തുടങ്ങിയ അമ്മക്ക് ഞാൻ മകനായി. അല്ല സ്വന്തം അമ്മയാണ് വേദു എനിക്ക് നൽകിയ സമ്മാനം.

കുളികഴിഞ്ഞു 'അമ്മ തന്ന ചായയുമായി പുറത്തിറങ്ങിയ ഞാൻ കണ്ടു..ഗുല്മോഹറിന് ചോട്ടിലെ രണ്ടു അസ്ഥിത്തറകൾ .

അവൾ ഇന്ന് സുരക്ഷിതയാണ്. ഒരിക്കൽ വിധി നിഷേധിച്ച അച്ഛന്റ്റെ കരവലയത്തിൽ അവൾ സുരക്ഷിതയാണ്.

ആ സമയം വീശിയ കാറ്റിൽ ഗുൽമോഹർ പൂക്കൾ ആ കൊച്ചു അസ്ഥിത്തറയിൽ പുഷ്പവൃഷ്ടി നടത്തി.

അവസാനിച്ചു......

## ROLE OF TEACHERS IN SHAPING A BETTER HUMAN



Sreejith Anil
Department of Commerce

One of the major concerns of today's parents is how to shape their children's future to meet the challenges in life which is becoming tougher day-by-day. The future will belong to the fittest.

In this context, the schools and colleges have become very important to the students as well as to the parents. This means that the teachers are responsible for the outcome of the students. Unless and until the students satisfy standards and expectations of the parents or the school, the teacher's duty is not complete.

There is a vast difference between the role of a teacher three decades ago and that of a modern teacher- the major reason being that the students today have access to knowledge. The old view that teachers know everything and learners are empty bags should be got rid off. Learners are human beings- creative, innovative, willing to explore fresh fields and pastures. Teachers should try to understand their pupils, their needs, interests, abilities, wishes, aptitudes, and problems. One remarkable advantage of such an attempt of understanding would be that it might make the pupils feel that there are friends around them. Unilateral decisions lead to tension, mistrust, and anarchy while dialogue with the students tends to remove bottlenecks and dismantle hedges. This type of interpersonal human relationship may serve as a booster raising the speed and efficiency of teaching task. Teachers should have the qualities of leaders, coordinators and facilitators. Teachers should work like team leaders: willing to listen and learn but not afraid to offer suggestions, guidance, and directives.

Teachers should have enough sense to know when to interfere gently, otherwise, there will be failure. Teachers should have a mind of decentralization. Over centralization tends to be ego dominated. Dr.APJ Abdul Kalam opinioned "Peace will prevail only if the ego is removed from oneself. Removing the ego will lead to removing hatred; removing hatred will lead to removing violence in human body."

Learning should be perceived as an interactional activity involving both teachers and learners. In every case teacher should be accessible and acceptable to the learner. Learner participation holds the key to successful teaching. The task of developing the proper behavioral pattern among the younger generation especially when parental authority and self-discipline have become forgotten words, is not as easy as we think. Teachers must be liberal in using polite expressions like please, thanks, and sorry, avoiding fault finding attitude. Today children have psychological and social problems in their homes and schools also. So, teachers must be able to understand their problems and give importance to their feelings in order to bring them to the right path. Education does not mean teaching people what they do not know, but teaching them to behave in the way they are not behaving (Ruskin Bond). Teaching as a profession demands lifelong commitment. The teaching process is bound to be a total failure unless there is a close rapport and interaction between the teacher and the pupil

The number of teachers and students has increased considerably. But there is a big gap between the teachers and students. Teachers have the responsibility of moulding the future generation and a nation. There must be cooperation between the teacher and the student. Cooperation must be earned but not be demanded. A teacher is not only a source of knowledge but an efficient philosopher, experienced guide and above all a good friend also..

Teaching is an art and every teacher who wants to be successful has to develop his own style. One may be a great scholar, yet his exposition may be poor and he may not be successful in conveying his ideas. Yet, another may indulge in entertaining the students but may miss the main points. Though there are variations in the methods of teaching, the aim of education which has its origin in the remote past seems to change gradually. At present very few seems to think in terms of knowledge and the current concept appears to be centered around passing examinations and obtaining degrees, which provide employment. This job-oriented approach has far reached consequences and it has resulted in the deterioration of quality teaching which leads to the impoverishment in the standard of education. Though the aim of education is enlightenment, enlarging the mental horizon or search for truth, these things seem to be only fancies. The present tendency is to prepare the students for examinations. The students are interested in their degrees and their employment potential. But the main objective of teaching is "Not to explain the meaning but to knock at the door of mind".



Aswini Rajan
Department of Physics

പിന്നീടവൾ അവിടേക്ക് പോയിട്ടില്ല...
എന്ത് കൊണ്ടെന്നാൽ അതിന് അവളുടെ മനസ്സനുവദിച്ചിരുന്നില്ല. ഉള്ളിലേറെ നീറി പുകഞ്ഞിട്ടും തല ചായ്ക്കാൻ ഒരു തോളുണ്ടായിരുന്നെങ്കിലെന്നാശിച്ചിട്ടും അവിടേക്ക് മാത്രമോടിയടുക്കാൻ അവൾക്കാവുമായിരുന്നില്ല.

എന്തൊരു വിരോധാഭാസമാണ് !! അവളേറേ സ്നേഹിച്ചിരുന്ന കരുതിയിരുന്ന മനുഷ്യർ അവിടെയല്ലേ? അവൾക്കേറ്റം പ്രിയപ്പെട്ടതെല്ലാമവിടെയല്ലേ ?? എന്നിട്ടും !!!

മഴപെയ്ത് തോർന്ന മഞ്ഞ പൂക്കളാൽ നിറഞ്ഞ ആ ടാറിട്ട റോഡുകൾ,നിയോൺ വെളിച്ചത്തിൽ ഒന്നിച്ച് ചേർന്ന് നിന്ന് കഥകൾ പറഞ്ഞ ഫുട്ട് പാത്തുകൾ, തിരയെണ്ണിയിരുന്ന കടൽ തീരം, ഉച്ച ചൂടിനെ നിശ്ശേഷമില്ലാതാകുന്ന ഇക്കാടെ പീടികേലെ പല തരത്തിലെ തണുത്ത സർബത്ത് ഫ്ലൈ ഓവറിന്റെ മുകളിൽ നിന്ന് താഴേക്ക് നോക്കി ഓരോയിറ്റും കുടിച്ചിറക്കുന്നത് അതങ്ങനെ അന്നനാളത്തേയും തണുപ്പിച്ചു കടന്ന് പോകുമ്പോൾ കിട്ടുന്നൊരാശ്വാസമുണ്ട്! കോളേജിലെ ക്ലാസും കഴിഞ്ഞ് കൂട്ടുകാർക്കൊന്ന് മുഖം കൊടുത്തിട്ട് അവൾ ഒരൊറ്റ നടത്തമാണ് ട്യൂഷൻ സെന്ററിലേക്ക്. അവിടെ ടീച്ചറേന്നും ചേച്ചീന്നും വിളിച്ച് കുറേ കുഞ്ഞുങ്ങൾ. അവിടുന്നും നടന്ന് ഹോസ്റ്റലിലേക്ക്. അത്രക്ക് പ്രിയപ്പെട്ടതായിരുന്നു അവൾക്കവിടം. ഒരു മനുഷ്യന് സഹിക്കാൻ കഴിയാത്ത അത്രേം വേദന എന്താണെന്നോ?? അത് അവർ ഏറെ സ്നേഹിക്കുന്ന മനുഷ്യന്മാരുടെ മാറ്റങ്ങളാണ്, അവരുടെ ഇറങ്ങി പോക്കുകളാണ്, നഷ്ടപ്പെടലുകളാണ്. അവരിൽ നിന്നുമുള്ള സഹിക്കാനാവാത്ത കുത്ത് വാക്കുകളാണ് പഴിചാരലുകളാണ്

എത്രയെന്ന് കരുതി ആ ചെറിയ പെൺകുട്ടി അവളെ മറ്റുള്ളവർക്ക് മുന്നിൽ ബോധിപ്പിക്കും? കാലുപിടിച്ചും കരഞ്ഞും അവൾ അവളുടെ നിഷ്കളങ്ക അവളുടെ പ്രിയപ്പെട്ടവരുടെ മുന്നിൽ തെളിയിക്കാൻ ശ്രമിച്ചു കൊണ്ടേയിരുന്നു. മാനസികമായി അവൾ തളർന്നു. ജീവിതത്തിന്റെ ഏറ്റവും നല്ല കാലമാക്കി മാറ്റാവുന്ന നേരങ്ങൾ അവൾക്ക് ദുസ്വപ്നങ്ങളായി മാറി. അവിടം അവളെ ഉടച്ചു കളഞ്ഞു. ചേർത്ത് വയ്ക്കാൻ പറ്റാത്ത അത്രെയും ചിതറി തെറിച്ചു പോയി.ഇന്നും മഴപെയ്ത് തോർന്ന ടാറിട്ട റോഡ് കാണുമ്പോൾ വീണു കിടക്കുന്ന മഞ്ഞപ്പൂക്കൾ കാണുമ്പോൾ നിയോൺ വെളിച്ചം കാണുമ്പോൾ എല്ലാം അവൾ ഭയപ്പെട്ടു

പലതും ഉള്ളിൽ നിന്ന് തികട്ടി വന്നു. പ്രിയപ്പെട്ടതൊക്കെയും അവളെ ഭയപ്പെടുത്തി. ശരീരം കൊണ്ട് ഇന്നവിടെ എത്തണമെന്ന് വിചാരിച്ചാലും മനസ്സ് അതിന് അനുവദിക്കുന്നില്ല. അങ്ങനെ പ്രിയപ്പെട്ട ഇടങ്ങൾ പേടി സ്വപ്നങ്ങളായി മാറിയ, നീറുന്ന ഓർമകളായി അവശേഷിപ്പിക്കുന്ന എത്രയോ മനുഷ്യർ. അവളും അങ്ങനെ അവരിൽ ഒരാളായി മാറി.

# നിഴൽ



കീറി

Navya B
Department of English

മഞ്ഞു മൂടിയ താഴ്വരയിലൂടെ പകലിനെ മുറിച്ച് കൊണ്ട് ഒരു ബുള്ളറ്റ് ഹെയർ പിൻ വളവുകൾ താണ്ടി അങ്ങാടിയിലെത്തി.

അതിലൂടെ ബുള്ളറ്റുകളുടെ സ്ഥിര സഞ്ചാരമുള്ളത് കൊണ്ട് ആരും അത്ര കാര്യമാക്കിയില്ല. എന്നാൽ വണ്ടിയിൽ നിന്നിറങ്ങി ഹെൽമറ്റ് ഊരിയ ഉടമയെ കണ്ടപ്പോൾ അവരൊന്ന് ഞെട്ടി. അതൊരു പെൺകുട്ടിയായിരുന്നു. യൌവ്വനത്തിലേക്ക് കാലുറപ്പിച്ചിട്ടില്ലാത്ത ഒരു കുട്ടി. ബുള്ളറ്റോടിക്കുന്നവളെ കണ്ടപ്പോൾ ചിലരിൽ കൌതുകവും മറ്റു ചിലരിൽ ഒരു ഇഷ്ടക്കേടും പ്രതിഫലിച്ചു. അടുത്തുള്ള ഒരു പെട്ടികടയിലേക്ക് അവൾ നീങ്ങി.

"ചേട്ടാ, ഒരു സോഡ". എല്ലാവരും ഒന്നു കണ്ണു മിഴിച്ചു. അതൊന്നും ശ്രദ്ധിക്കാതെ അവൾ കടക്കാരൻ നീട്ടിയ കുപ്പി വാങ്ങി സോഡ കുടിച്ചു.

" അതേ ചേട്ടാ, ഈ കുന്നികാവ് ഇല്ലം എവിടാ?"

"അത്... മോളെ ഇവിടുന്ന് വലത്തോട്ടു പോയി അടുത്ത വളവിൽ കാണുന്ന വീടാണ്".

"ഓ, താങ്ക്സ് ചേട്ടാ".

" അല്ല, മോള്... നീ അവിടെ എന്തിനാ തിരക്കുന്നേ?" "താമസിക്കാൻ". " ഒറ്റയ്ക്കോ? " "അതേല്ലോ, എന്താ ചേട്ടാ?"

ചുറ്റുമുള്ളവരുടെ ശ്രദ്ധ തന്നിലാണെന്ന് അറിഞ്ഞപ്പോൾ കൌതുകത്തോടെ അവൾ ചോദിച്ചു.

"അതു പിന്നെ... മോള് വാടകയ്ക്ക് വന്നതാണോ? ബ്രോക്കർ ഒന്നും പറഞ്ഞില്ലേ നിന്നോട്?"

"ആക്ച്വലി അതെന്റെ ഫ്രണ്ടിന്റെ ബന്ധുവീടാണ്. എനിക്ക് ഒറ്റയ്ക്ക് താമസിക്കാൻ ഒരു സ്ഥലം വേണമെന്ന് പറഞ്ഞപ്പോൾ അവൻ സംഘടിപ്പിച്ചു തന്നതാണ്.

ആ വീടിന്റെ മുകളിലെ വീടിനെ പറ്റി എന്തോ രഹസ്യം ഒളിഞ്ഞു കിടപ്പുണ്ട് എന്ന് അവൻ പറഞ്ഞിരുന്നു. അതാ ഞാൻ ഇങ്ങട്ട് തന്നെ വന്നത്. അയ്യോ, ഇത്രയും നേരമായോ! സംസാരിച്ചു നിന്ന് സമയം പോയതറിഞ്ഞില്ല. അപ്പോ ശരി ചേട്ടാ, പിന്നെ കാണാം".

അവൾ സോഡയുടെ പൈസ അവിടെ വെച്ചിട്ട് ബുള്ളറ്റിന്റെ അടുത്തേക്ക് നടന്നു.

ഒരു ഇടത്തരം വീട്. നിറയെ മുറ്റം. വീടു വാതിൽക്കൽ തുളസിത്തറ. ചെമ്പകവും പാരിജാതവും നിശാഗന്ധിയും തുളസിയുമൊക്കെ നിറഞ്ഞ മുറ്റം. വീടിന് ഓരം ചേർന്ന് ബുള്ളറ്റ് പാർക്ക് ചെയ്തു. രാഹുൽ പറഞ്ഞ ആളെ കാണുന്നില്ല. അവൾ സമയം നോക്കി. മ്മ്, സമയമുണ്ട്. അവൾ അവിടമൊക്കെ ചുറ്റി കാണാൻ തീരുമാനിച്ചു. വീടിന്റെ വടക്കേ തൊടിയിൽ ഒരു കുളമുണ്ട്. മുറ്റത്താകെ കരിയിലകൾ കിടപ്പുണ്ടെങ്കിലും ആ കുളത്തിലെ വെള്ളം അതൊന്നും ബാധിക്കാതെ തെളിനീരായി കിടക്കുന്നു. ചുറ്റിനും തീർത്ത ഇഷ്ടിക കെട്ടാൽ അതിന് മറ തീർത്തിരുന്നു. വീടിന് പുറക് വശത്തായി ഒരു തൊഴുത്ത് കാണാം. അതിന്റെ ഓരത്ത് കൂടി ഒരു വഴി കിടപ്പുണ്ടല്ലോ, അതെങ്ങോട്ടാണ് എന്നറിയില്ല. ഇനി അതാകുമോ രാഹുൽ പറഞ്ഞ വീട്ടിലേക്കുള്ള വഴി! ആവോ, പോയി നോക്കാം. അടുത്ത പാദം മുന്നോട്ട് വെക്കുന്നതിനു മുമ്പെ തന്നേ വീടിന്റെ മുൻഭാഗത്ത് നിന്ന് വിളി വന്നു.

" ആ ദാ വരുന്നു... " അവൾ വാതിൽക്കലേക്ക് നടന്നു. ഒരു വൃദ്ധനായ മനുഷ്യൻ. അവളെ കണ്ടതും അയാൾ ഒരു പുഞ്ചിരി സമ്മാനിച്ചു. "രാഹുൽ മോൻ ഇത് മോൾക്ക് തരാൻ പറഞ്ഞിരുന്നു. മോളാണല്ലേ ഇവിടെ താമസിക്കാൻ വന്നത്. എന്റെ കുഞ്ഞേ, നീ അല്ലാതെ വേറെ ആരെങ്കിലും ഇവിടെ നില്കാൻ ധൈര്യം കാണിക്കുമോ? നിനക്ക് മറ്റെവിടെയെങ്കിലും നോക്കി കൂടായിരുന്നോ? ആഹ്, ഇനി പറഞ്ഞിട്ടു കാര്യമില്ലല്ലോ. നീ ആ മോളിൽ കാണുന്ന വീട്ടിലേക്കു പോകരുത് കേട്ടോ. രാത്രി വേണമെങ്കിൽ എന്റെ വീട്ടിലേക്കു പോന്നോളൂ. എന്റെ കെട്ട്യോളും കുട്ട്യോളുമുണ്ട് അവിടെ".

അവൾ മനോഹരമായി ഒന്നു പുഞ്ചിരിച്ചു. "ചേട്ടനാണല്ലേ കുഞ്ഞു വർക്കി ചേട്ടൻ. അവൻ പറഞ്ഞിരുന്നു ചേട്ടനെ പറ്റി. പിന്നെ രാത്രി അവിടെ വന്നു നില്കാനാരുന്നെങ്കിൽ എനിക്ക് ചേട്ടന്റെ വീട്ടിൽ പേയിങ് ഗസ്റ്റായിട്ട് നിന്നാൽ പോരെ. എന്തായാലും അങ്ങനെ പറയാൻ ചേട്ടൻ മനസ്സു കാണിച്ചല്ലോ. അതു മതി. ചേട്ടൻ പൊയ്ക്കോ. എനിക്കിവിടെ കുഴപ്പമൊന്നുമില്ല. എന്തെങ്കിലുമുണ്ടേൽ ഞാൻ വിളിക്കാം. അപ്പോൾ ശരി ചേട്ടാ. ഞാൻ അകത്തു കയറി ഇതൊക്കെയും ഒതുക്കി വെച്ചിട്ട് ഫ്രെഷാവട്ടെ. അവൾ അയാളിൽ നിന്ന് താക്കോൽ വാങ്ങി വണ്ടിയിൽ കെട്ടി വെച്ചിരുന്ന ബാഗുകൾ എടുത്ത് അകത്തേക്കു പോയി. തികച്ചും ഉത്സാഹത്തോടെ അകത്തേക്കു കയറുന്നവളെ കണ്ടപ്പോൾ അയാൾ മോളിലേക്കു നോക്കി ദൈവത്തെ രക്ഷയ്ക്കുവേണ്ടി വിളിച്ചു കൊണ്ട് തിരികെ വീട്ടിലേക്കു നടന്നു.

വീട് നല്ല വൃത്തിയായി കിടക്കുന്നു. അവൻ പറഞ്ഞേൽപ്പിച്ചതാകും വൃത്തിയാക്കാൻ. ഇല്ലാരുന്നെങ്കിൽ ഏഴു വർഷത്തോളം അടഞ്ഞു കിടന്ന വീട് ഇത്രയും വൃത്തിയായി കിടക്കില്ലല്ലോ. പുറമെ നിന്നും ഇടത്തരമെന്ന് തോന്നിയെങ്കിലും, അകത്തു ഒരുപാട് മുറികളുണ്ടായിരുന്നു.

ഒത്തിരി വലുപ്പമുള്ള മുറികൾ. ഒരു അടുക്കളയും നടുവിൽ ഒരു വലിയ ഹാളും. ഒരു മുറി അടഞ്ഞു കിടക്കുന്നു. അവൾ അതൊന്നു തുറക്കാൻ ശ്രമിച്ചു. വിഫലമായിരുന്നു ആ ശ്രമം. അതിനരികിൽ ഒരു പൂജാമുറി. ഒരു പഴയ വിളക്കും കുറച്ചു ദൈവങ്ങളുടെ ഫോട്ടോയും വെച്ചിട്ടുണ്ട്. അതിനകത്തേക്ക് കാൽ വെക്കുന്നതിനു മുമ്പെ അവളുടെ ഫോൺ അടിച്ചു.

"ഹലോ, രാഹുൽ, ഞാനിവിടെ സേഫായിട്ടെത്തിയെടാ. ഇല്ലടാ. ഇവിടെ കുഴപ്പമില്ല. നല്ല സ്ഥലം. നീ പറഞ്ഞതു പോലെ തന്നെ ഒരു ഹൊറർ ഫീലാണിവിടെ. നീ പറഞ്ഞ ആളിവിടെ വന്നു. ആൾടെ വീട്ടിൽ നിൽക്കാമെന്നൊക്കെ പറഞ്ഞു. ഞാനത് നിരസിച്ചു. എന്തൊ, എനിക്കിവിടെ ഒത്തിരി ഇഷ്ടമായി. ഇനി ഒന്നു ഫ്രഷായിട്ടു വേണം പുറത്തേക്കിറങ്ങാൻ". അവൾ ഫോൺ കട്ട് ചെയ്തു. റൂമിൽ പോയി കുളിച്ചു മാറാനുള്ള ഡ്രെസ്സെടുത്ത് കുളി മുറിയിലേക്ക് പോയി. അപ്പോഴാണ് അവിടുത്തെ കുളത്തിന്റെ കാര്യം ഓർത്തത്. കുറെ നാളായി കുളത്തിൽ കുളിച്ചിട്ട്. തറവാട്ടിൽ അമ്മമ്മേടെ അടുത്ത് നിന്നപ്പോളാണ് അവസാനമായി കുളത്തിൽ കുളിച്ചത്. അവൾ കടവിലേക്കു നടന്നു. സാധനങ്ങൾ പടിയിൽ വെച്ചിറങ്ങി. ഒന്നു മുങ്ങി പൊങ്ങിയപ്പോൾ സുന്ദരിയായ ഒരു യുവതി പടവിലിരിക്കുന്നു.

# SEVEN DECADES OF DARKNESS



Amala Thomas
Department of English

That girl wore a white gown
Stared at me with a creepy smile.
I have no clue!
But still....

He was in a grey coat
Fully drunken, partially distorted
Taught me how to ignore her,
Just as the world pushed her off.

Alas! Alas! What's happening here?
Why am I so concerned about her
Hey Seryong...... your death annoys me.
What the hell my dad did?

She was innocent and pious, just as my dad
But still.........
Answer me sweetheart, answer me
Who made your fate so pathetic?

That bloody night changed our lives.
Two deaths! You and Me.
Yeah! That actually disturbs me
Cause I'm alive.

Now, I'm seventy-two, but still....
Her memories haunt me.
What prompted you to do that?
Dad, help me out of this hell.

# പെരുമ്പാമ്പ്



Navya B
Department of English

മരണത്തെയിന്നെനിക്ക് ഭയമില്ലെടോ,
അവനുണ്ട് എന്റെയരുകിൽ കാവലാളായി
എല്ലുകൾ, പേശികൾ, മാംസഭാഗങ്ങൾ
ചുറ്റിവരിഞ്ഞൊടിക്കും പെരുമ്പാമ്പ് - കണക്കെ
വേദന തിന്ന് മരണത്തെ കാത്തു കിടക്കുന്ന
-യെന്നെയാണിന്ന് അവനു പേടി...
എല്ലൊടിഞ്ഞ്, പേശി വലിഞ്ഞ്
ചോര തുപ്പി നടന്ന കാലമത്രയും
പേടിയുണ്ടെങ്കിലും അവനിന്നെ-
നിക്കൊപ്പമുണ്ട്  ക്യാൻസറെന്ന  പെരുമ്പാമ്പിൻ
വേഷത്തിൽ..
എങ്കിലുമെനിക്കവനോടുണ്ട് തീരാത്ത പ്രണയം,
എന്നുമപേക്ഷിക്കുന്നു ഞാൻ
എന്നെയും കൂട്ടുമോ നിന്റെ കൂടെ....



Jyothinadh V.U

# It's Christmas Again!

Yet another December hurried on to us,
with a Christmas on the cards
and a New Year up the sleeve.
The stage is set, the preparations done.
"Let's celebrate this year like never before!"
I see the enthusiastic little minds
with plans to empty their dad's pockets .
And the winter, yeah he is cheered up as well.
Never been a year this close to perfect.
Yet in the midst of all this, I walk alone.
In search of my Christmas, I lost long ago!

I have grown,
from a curious boy to a confused teen,
with lots going on inside the heated up head.
All the stars and sparkling lights,
they don't impress me now.
I see them around in new shapes and colours.
Bringing back the memories I left behind.
Christmas has always been personal.
It's about the little moments, those special gifts
And secret confessions of pure love..
The joy of ending and the hope for the next.
Oh and carol songs, Jingle Bell is the best!
The red round cakes with huge fan base,
it never tasted better than at those days.
Then the Santa..
he sure was there lighting up my dreams!

It's time to celebrate another Christmas .

Give a break to your thoughts, a rest to your brain.
It's okay to feel excited again.
Rush to your family, call up your friends.
Take a wine and have some fun.
Crack a joke, brag a lot
and enjoy all those mandatory groufies.
My search for the lost ends here...
So sing with me, Merry Christmas!



# നാം



Sreelakshmi Sudhakaran
Department of Chemistry

ഇനി ഒത്തുചേരുമോ
അറിയുകില്ല നമ്മൾ
ഇനി ഒന്നു ചേരുമോ
അറിയുകില്ല........

പടിയിറങ്ങുന്നിതാ നാം
നമ്മിലേക്കായ്
വഴി പിരിയുന്നിതാ
എന്നേക്കുമായ്.....

കളിയില്ല പൊട്ടിച്ചിരികളില്ല
ഇനി പരിഭവമൊന്നുമേ
തോന്നുകില്ല

കൈകോർത്തു നീങ്ങിയ
വീഥികളൊക്കെയും
കാലത്തിൻ ചിത്രത്തിൽ
ഓർമ്മകളായ്

സദാ വാചാലയായ ഞാനിന്നിതാ
കേവലം വാക്കുകൾക്കായി
അലഞ്ഞിടുന്നു

വീണ്ടും തിരിഞ്ഞു ഞാൻ
നോക്കുമ്പോളിപ്പോഴും
കണ്ണുകളീറന ണിഞ്ഞിരുന്നു

വിട പറയുന്നനേരമെ നിക്കറിയാം
നാം വെറും കൂട്ടുകാരല്ല
എന്നും കൂടെപ്പിറപ്പുകൾ
ആയിരുന്നു എൻ
കൂടപ്പിറപ്പുകളായിരുന്നു

# MARKS OF MATURITY



Sreejith Anil
Department of Commerce

Mature is he, who is patient, who is willing to give up immediate pleasure in favour of the long-term gain.
Mature is he, who has the ability to settle differences without resentment or anger.
Maturity is he, who perseveres despite setbacks.
Maturity is he, who knows that life is too short to be wasted in prejudice, intolerant, hatred and revenge.
Maturity is he, who has the capacity to face disappointments and adversely without becoming bitter.
Maturity is he, who is humane and who responds to the needs of others with compassion.
Maturity is he, who has the humility to say "I was wrong" and the self-control not to say "I told you so" when he is proved right.
Maturity is he, whose deeds conform to his thoughts and words.
Maturity is he, who believes in the present without being shackled by the dead past or the unborn future.
Maturity is he, who strives to change things which he can and who lives in peace with things he cannot.

# പുതുവർഷപ്പുലരി



Amalrag Alex
Department of Zoology

'അതിജീവിത'-ഞാൻ;കാന്താ-മക്കളാൽ
ആത്മനിന്ദയുടെ ലഹരിപിടിച്ചവൾ
ഇന്നെങ്ങുമാത്മഹർഷത്തിൻ മലഹരി
ഈയുള്ളവൾക്കസ്ഥിത്വശങ്കയുടെ ബലഹരി
ഉണർവ്വ്കെട്ടുഴറുമെനിയ്ക്കീ നവദിനം
ഊരുവിലക്കേകും ക്ഷീരപഥ വിധിദിനം
ഋതുമതിയാവില്ലെൻ തെളിവാനമൊരുനാളും
എങ്ങും ധ്വനിക്കില്ലെൻ ഓംകാരനാദവും
ഏതോ നാശത്തിൻ ഹുങ്കാര മന്ത്രത്താൽ
ഐഹികമെല്ലാം ഐതിഹ്യമായിടും
ഒരുകോടിനവയുഗപ്പിറവി പിന്നിട്ടൊരു
ഓജസ്സുറ്റ നരവർഗം വന്നിടും
ഔദാര്യം കൈപ്പറ്റീട്ടെന്നെ മറന്നവർ
അവശേഷിക്കാത്തൊരു ലോകം പിറന്നിടും
അവിടെയവർക്കായ് മുൻകൂർ നേരുന്നു
അജ്ഞാതമാംപ്പുതുവർഷപ്പുലരിതൻമംഗളം
അതുവരെയുരുകിയുഴറികറങ്ങിടും ഞാൻ
ആകാശഗംഗയുടെ പിന്നാമ്പുറങ്ങളിൽ
'പുതുവർഷപ്പിറവിയുടെ ഘോഷങ്ങളില്ലാതെ'

# Kiss of goodbye



Jyothinadh V U

We have been through enough.
It was short but eventful.
I let you slide into my routine,
you kept me busy, curious of all this..
Made my days run faster than usual..
And then I shut you out, just like that..
You didn't ask for it,
was ready to stick with me for long.
And I didn't ask you till now
If you wanted me to see where it goes ...

Sometimes I feel like I rushed.
Decision made before my mind processed..
Maybe it would all be fine if I hesitated,
just waited for a split second more...
Or maybe it was necessary!
To pull you out before it's too late.
You held on to me, knowing
only one way it ends.. not in our favour...

I don't make promises,
on those I'm not sure of keeping.
And you never asked for anything,
after giving me a lifetime of happiness.
You have no complaints, no regrets..
I know u still stay by my side, and it hurts!
I can't undo anything even if I wish to,
nothing to heal the pain it caused ..
So my love, all that left now is
to give a kiss on your cheeks and say goodbye!

# ഇലയുടെ മണം



Devi Sasidharan

തളിരിടുന്ന നാമ്പിനും,
മണ്ണിലലിയുന്ന ഇലകൾക്കും കാറ്റിലുടൊഴുകുന്ന
മണം വ്യത്യസ്തമത്രെ.....
പുതുമയുടെ മണം പേറുന്ന നാമ്പിനറിയുമോ
മണ്ണിലലിയുമ്പോൾ പുതിയൊരയനത്തിന്
തുടക്കമെന്ന്......
മണ്ണിൽ ചേരുന്ന ഓരോ ഇലകൾക്കും സ്വന്തം
വേരിനെയറിയാം....
അവയിലണയും വരെ യാത്ര നിലയ്ക്കുന്നില്ല,
വാക്കുകൾ മുറിയുന്നില്ല, ചിന്തകൾ
അവസാനിക്കുന്നുമില്ല......
നാമ്പുകള് ഉണരുമ്പോൾ പ്രകൃതിയുടെ ശ്വാസം
ഇരവിൽ ലയിക്കുന്നു.....
പുതുമയുടെ ഗന്ധം പിറക്കുന്നു.....

# തോന്നൽ



Aswini Rajan
Department of Physics

നനയണം പറഞ്ഞു തീരും വരെ....
ചിരിക്കണം മനസ്സറിയും  വരെ....
കാത്തുനിൽക്കണം കാറ്റണയും വരെ....
ഇനിയും എത്രയേറെ കാലങ്ങളെന്നറിയില്ല
ചേർത്തുവെയ്ക്കണം ഓർമ്മകളെ എന്നേക്കുമായി....
സാധ്യമെന്നുറപ്പില്ല ദൂരമെത്ര താണ്ടിയാലും
മായാതിരിക്കാൻ എന്നുമെൻ വാതിലിൽ മുട്ടുന്ന
ചിന്തകൾ, മഴയെത്ര നനഞ്ഞാലും അലിഞ്ഞു
പോവാതിരിക്കാൻ കുടയായി മാറുന്ന വാക്കുകൾ,
വെയിലെത്ര കൊണ്ടാലും എരിഞ്ഞണയാതിരിക്കാൻ
തണലാവുന്ന നിഴലുകൾ, ഒന്നിനെയും മറക്കില്ലെന്ന്
വിശ്വസിപ്പിക്കുമ്പോഴും...
അകന്നുകൊണ്ടിരിക്കുന്ന നിനവുകൾ....
എല്ലാം മറന്നു കഴിഞ്ഞിരിക്കുന്നു എന്നൊരു
തോന്നൽ......

# യാത്ര



Amalrag Alex
Department of Zoology

ഇത് യാത്ര...
ചെറുയാത്രകൾചേർന്നുള്ള വലിയയാത്ര
മോഹനഭാവങ്ങൾചേർന്നമർന്ന്
ശോകവിലാപമുയർത്തുന്ന യാത്ര.
സുഖനിമിഷാർധങ്ങൾക്ക് പ്രായംകുറയ്ക്കുവാൻ
ദ്രോഹം വിതച്ചുള്ള യാത്ര!
പൊന്നാടചുറ്റി പ്രേതങ്ങളെല്ലാം
രാഷ്ട്രീയക്കോമരംതുള്ളുന്ന യാത്ര
തമ്മിലടിച്ചുടയും തലകൾക്ക്
വിലപേശിപ്പായുന്ന യാത്ര
ജീവന്റെ കൗമാരവല്ലികളിൽ
യന്ത്രവലകൾ കൊരുത്തുള്ള യാത്ര
ജഢരാഗ്നിയുഷ്ണത്താൽ
കുഞ്ഞിളംനാവുകൾ
മൃത്യുവിന്നാർപ്പ് വിളിച്ചുള്ള യാത്ര
പ്രപഞ്ചപിണ്ഡത്തിൻ മർമ്മങ്ങളിൽ
അഗ്നിമുനയിറക്കാനുള്ള യാത്ര
മുഖംമൂടിയിട്ട നിശയുടെ മാന്യത
പകലായ് മാറുന്ന 'ഇന്നി'ന്റെ
ഗൂഢലക്ഷ്യങ്ങൾക്കായുള്ള യാത്ര
പഴമയുടെ മൂല്യങ്ങളാശ്രയം കിട്ടാതെ
പട്ടട തേടി പായുന്ന യാത്ര...
ഇത് യാത്ര,
ഉലകത്തുരങ്കത്തിലൂടുള്ള യാത്ര
മരണക്കുഴലിലൂടുള്ളൊരു യാത്ര
സ്ഥല ഭാഷ ദേശാദി ഭേദങ്ങളില്ലാതെ
മാനവരാശി തുടരുന്ന യാത്ര.
ജീവാത്മ ശലഭത്തെ പരമാത്മസവിധത്തിൽ
ബലി നൽകുവാനുള്ള യാത്ര;

# This feels good



Jyothinadh V U
Department of physics

Every morning I catch that busy bus.
Rushing into it like a hurricane.
Letting my bag off the shoulder,
plugging my pods to some feel goods.
Then I see my eyes wandering.
Up front, across the crowd,
I know I would find it!

Silky smooth that ends in a bun
with little here , little there,
catching the wind, cheering her up
They look brown, sometimes golden.
Changing the shades, meeting my gaze.
I find her fingers gliding through them
working some magic while it moves..

I can see her face glowing at times
I can feel my heart rising each time!
How far can the distance be,
‘cause I feel I’m right beside her.
Her dancing fingers, little head shakes,
sun kissed cheeks, red rose lips.
They bring a smile to my face,
a spark to my eyes
and a rhythm to hold on to,
till next time...

# Resilient Parasite



Robin Johnson
Department of English


Sow the seed of mind to me
The field receives any kind of seeds
Plant many trees on the eve
Field gives birth and feeds
Sprouting life and memories
Field is a store of treasuries
Maintain the field with peace
Lots of memories will increase
Give a kick for a reminder
You can find the treasure in you
Give a kick to the miner
Find and care your field
A field filled with mysteries

-RJ



Arshamol P V
Department of Malayalam





Elizabeth Jomon
Department of English



Naveen
Department of Malayalam





Elizabeth Jomon
Department of English

# PG ASSOCIATION REPORT

Thanks to our strong foundation PG Association has been able to successfully launch and implement several programmes this year.The Association was thrilled to welcome its new members(1PG) this year. They brought fresh energy and new ideas to our group, which added to the already vibrant community.On June 14th Office bearers' to this academic year were selected. Mr Anadhakrishnan Achari of Econometrics department became the President and Ms Gayathri Sathyan of Mathematics department secretary.PG Associated commenced its 2022-2023 activities with 'Bhodi,Let's Talk Life' on 29 September 2022.This platform serves as a space for open dialogue and encourages participants to share their thoughts and opinions on various subjects.

The topics range from mental health and wellness, relationships, personal growth and development, to current events and social issues. Each week, the programme features guest speakers who bring a unique perspective and expertise to the conversation. This allows the audience to gain insights and learn from different perspectives. Bhodi continues on every Thursdays.The official inauguration of PG Association was held on Aug 16 2022.Presided by Babu Namboothiri lumnus of Chemistry department.

The program was also incorporated with the farewell of our beloved mentor Jerry Sir. Association reminisced the contributions and guidance Sir gave during the last year.The most awaited PG digital magazine 'VIHAAN' was published on the same day.The magazine was a result of the collective efforts of the students and was well received. The next edition of Vihaan is scheduled on Feb 6 2023.To raise funds the Association, ventured into the food industry and opened an ice cream truck in association with Keralapiravi celebration Nov 1 2022. It was a great hit and profit generated were used to finance the Association's future events.To channelize more career level aids to students, they were divided into many groups on the basis of aptitude. Each of the groups are scheduled to have special training sections

# PG ASSOCIATION DAY









# BODHI







# Icecream truck



# EDITORS BOARD



GAYATHRI
DEPARTMENT OF MATHEMATICS



ANANDHAKRISHNAN ACHARI
DEPARTMENT OF ECONOMICS



MALAVIKA M S
DEPARTMENT OF ECONOMICS

# THANK YOU

Next edition of vihaan issue on September
your contribution mail on
pgdigitalmagazine2022@gmail.com